## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3513**

**25.06.2012 - ൽ മറുപടിയ്ക്ക്**

### തൃശൂർ മെഡിക്കൽ കോളേജിലെ ഫോറൻസിക് ലാബിൽ നിന്ന് നഷ്ടപ്പെട്ട രേഖകൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| (എ) തൃശൂർ മുളങ്കുന്നത്തുകാവിലെ സർക്കാർ മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗത്തിൽ കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട അനവധി രേഖകളും തെളിവുകളും നശിപ്പിക്കപ്പെട്ട-തായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി-കൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ബി) ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രാഥമിക അന്വേഷണം നടത്താൻ തൃശ്ശൂർ മെഡിക്കൽ കേളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തി. കൂടാതെ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് വിഭാഗം മേധാവികളെയും ചുമതലപ്പെടുത്തി. ഫോറൻസിക് വിഭാഗം മേധാവികൾ 21.06.2012-ൽ റിപ്പോർട്ട് സമർപ്പിച്ചു. നഷ്ടപ്പെട്ടുവെന്ന് കരുതിയ 12 ഫയലുകളിൽ 4 ഫയലുകളും ഒരു രജിസ്റ്ററും കണ്ടെത്തിയതായി 22.06.2012-ൽ തൃശ്ശൂർ മെഡിക്കൽ കേളേജ് പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയം കൂടുതൽ അന്വേഷണത്തിനായി പേരമംഗലം പോലീസിന് കൈമാറിയതായി ആരോഗ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ